## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3358  09.04.2013- ൽ മറുപടിക്ക്**

**വരൾച്ച നേരിടുന്നതിന് കേന്ദ്ര സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യൂ റ്റി. തോമസ്<br>ശ്രീ. സി.കെ നാണു<br>ശ്രീമതി. ജമീല പ്രകാശം | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വരൾച്ച സംബന്ധിച്ച് രൂക്ഷമായ സ്ഥിതിവിശേഷം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | നാല് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചപ്പോൾ തന്നെ കേന്ദ്ര സർക്കാർ വരൾച്ചയെ വിലയിരുത്താൻ കേന്ദ്ര സംഘത്തെ ഒക്ടോബർ 2012- ൽ അയച്ചിരുന്നു. സംസ്ഥാനമാകെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് 7888.09 കോടി രൂപ നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും അധിക സാമ്പത്തിക സഹായം ലഭിക്കുന്നതിന് 2013 ഫെബ്രുവരിയിൽ വീണ്ടും മെമ്മോറാണ്ടം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചപ്പോൾ 2013 മാർച്ച് 17 മുതൽ 21 വരെ വരൾച്ചാ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വരൾച്ച നാശനഷ്ടം വിലയിരുത്തുവാൻ കേന്ദ്ര സംഘത്തെ വീണ്ടും കേരളത്തിലേയ്ക്ക് അയയ്ക്കുകയുണ്ടായി. |
| (ബി) | വരൾച്ച സംബന്ധിച്ച് രൂക്ഷമായ സ്ഥിതിവിശേഷം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സഹായം അഭ്യർത്ഥിക്കുന്നതിനും ഒരു അഖിലകക്ഷി നിവേദക സംഘത്തെ അയയ്ക്കാൻ സർക്കാർ തയ്യാറാകുമോ? | (ബി) | കേരളം അഭിമുഖീകരിക്കുന്ന അതി രൂക്ഷമായ വരൾച്ച നേരിടുന്നതിനുള്ള കേന്ദ്ര സഹായത്തിന് വേണ്ടി സംസ്ഥാന സർക്കാർ എല്ലാ വിധ പരിശ്രമങ്ങളും നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ